**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 932** **06-02-2023 - ൽ മറുപടിയ്ക്ക്**

**ഉപഗ്രഹ സർവ്വെ റിപ്പോർട്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അബ്ദുൽ ഹമീദ് പി | | ശ്രീ . എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | പരിസ്ഥിതിലോല മേഖല നിർണ്ണയത്തിന് തയ്യാറാക്കിയ ഉപഗ്രഹ സർവ്വെ റിപ്പോർട്ടിനെതിരെ വന്നിട്ടുള്ള വ്യപകമായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | ഇത് സംബന്ധിച്ച പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 20-12-2022-ലെ വിദഗ്ധ സമിതി യോഗത്തിൽ ഈ വിഷയം ചർച്ച ചെയ്യുകയും ജനവാസ മേഖല ഒഴിവാക്കിക്കൊണ്ട് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുള്ള ഇക്കോ സെൻസിറ്റീവ് സോൺ പ്രൊപ്പോസലുകൾ വിശദമായ ഭൂപടങ്ങളും സർവ്വേ നമ്പരും സഹിതം സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുകയും പൊതുജനങ്ങൾക്ക് ഇത് സംബന്ധിച്ച പരാതികൾ ഉണ്ടെങ്കിൽ ആയത് ജനുവരി 7-നകം അറിയിക്കുന്നതിന് അവസരം നൽകുകയും ചെയ്തിരുന്നു. ഫീൽഡ്തല വിലയിരുത്തലിനായി ജിയോ ടാഗിംഗ് നടത്തി മൊബൈൽ ആപ്പ് മുഖേന വിവരങ്ങൾ അപ് ലോഡ് ചെയ്യുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും വനം വകുപ്പിൽ നിന്നും നിയോഗിക്കപ്പെട്ടവർക്ക് ഓൺലൈനായി പരിശീലനം നൽകുകയും ജനങ്ങളിൽ നിന്നും ലഭിക്കുന്ന വിവരങ്ങൾ പഞ്ചായത്ത് അടിസ്ഥാനത്തിൽ തരം തിരിച്ച് പരിശീലനം ലഭിച്ച ജീവനക്കാർ മുഖേന വെരിഫിക്കേഷൻ നടത്തി വിദഗ്ധ സമിതി തുടർനടപടി സ്വീകരിക്കാൻ തീരുമാനിക്കുകയും ചെയ്തു. അപ്രകാരം ലഭിച്ചതിൽ 61567 പരാതികൾക്ക് 31-01-2023 വരെ പരിഹാരം കാണുകയും കേരള സംസ്ഥാന റിമോട്ട് സെൻസിങ് ആൻറ് എൻവയോൺമെൻറ് സെന്ററിന്റെ (KSREC) അസ്സറ്റ് മാപ്പർ ആപ്പ് മുഖേന ഇതിനകം 79193 അസ്സറ്റുകൾ അപ്പ് ലോഡ് ചെയ്തിട്ടുമുണ്ട്. |
| (ബി) | ഇക്കാര്യത്തിൽ വനം, പരിസ്ഥിതി മന്ത്രാലയത്തിന്റെയും സുപ്രീം കോടതിയുടെയും നിർദ്ദേശങ്ങൾ പാലിക്കുന്നതിൽ വനം വകുപ്പിന് വീഴ്ച പറ്റിയിട്ടുണ്ടോ; വ്യക്തമാക്കാമോ? | (ബി) | ഈ വിഷയത്തിൽ കേന്ദ്ര വനം പരിസ്ഥിതി മന്ത്രായലത്തിന്റെയോ ബഹു. സുപ്രീം കോടതിയുടെയോ നിർദ്ദേശങ്ങൾ പാലിക്കുന്നതിൽ വനം വകുപ്പിന് വീഴ്ച പറ്റിയിട്ടില്ല. ബഹു. സുപ്രീം കോടതിയുടെ 03-06-2022-ലെ ഉത്തരവിലെ വ്യവസ്ഥകളിൽ നിന്ന് ഇളവ് ലഭിക്കുന്നതിനായി |

| | | | |
|---|---|---|---|
| | | | സ്വീകരിച്ചിട്ടുള്ള എല്ലാ നടപടികളും ടി ഉത്തരവിന് വിധേയമായിട്ടുള്ളതാണ്. ടി വിഷയത്തിൽ സംസ്ഥാനത്തിന്റെ പ്രത്യേക സാഹചര്യങ്ങൾ കണക്കിലെടുത്ത് ജനവാസ മേഖലകളെയും സർക്കാർ/ അർദ്ധ സർക്കാർ / പൊതുസ്ഥാപനങ്ങളെയും ഒഴിവാക്കിക്കൊണ്ട് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന് സമർപ്പിച്ചിരുന്ന പ്രൊപ്പോസലുകൾ ബഹു. സുപ്രീം കോടതിയുടെ അനുമതിയോടെ അംഗീകരിച്ച് ലഭിക്കുന്നതിനുള്ള നടപടികളാണ് വനം വകുപ്പ് സ്വീകരിച്ചുവരുന്നത്. |

സെക്ഷൻ ഓഫീസർ